# കനേഡിയൻ നേതാക്കൾ പങ്കെടുത്ത പൊതുപരിപാടിയിൽ ‘ഖലിസ്ഥാൻ’ മുദ്രാവാക്യം വിളിച്ചതിൽ ഇന്ത്യ ശക്തമായി പ്രതിഷേധിച്ചു

ഏപ്രിൽ 29, 2024

കാനഡ പ്രധാനമന്ത്രി നേരിട്ട് അഭിസംബോധന ചെയ്ത ഒരു പരിപാടിയിൽ 'ഖലിസ്ഥാൻ' വിഷയത്തിൽ വിഘടനവാദ മുദ്രാവാക്യങ്ങൾ ഉയർത്തിയതുമായി ബന്ധപ്പെട്ട് കനേഡിയൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണറെ വിദേശകാര്യ മന്ത്രാലയം ഇന്ന് വിളിച്ചുവരുത്തി.

ഇത്തരം അസ്വസ്ഥജനകമായ പ്രവർത്തനങ്ങൾ നിയന്ത്രണമില്ലാതെ തുടരാൻ അനുവദിക്കുന്ന സമീപനത്തിൽ ഇന്ത്യ അഗാധമായ ഉത്കണ്ഠയും ശക്തമായ പ്രതിഷേധവും അറിയിച്ചു. വിഘടനവാദത്തിനും തീവ്രവാദത്തിനും അക്രമത്തിനും കാനഡയിൽ രാഷ്ട്രീയ ഇടം നൽകുകയാണെന്ന് ഒരിക്കൽക്കൂടി വ്യക്തമായിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ഇന്ത്യ- കാനഡ ബന്ധം വഷളാക്കുക മാത്രമല്ല കാനഡയിലെ പൗരന്മാർക്ക് തന്നെ ദോഷകരമാകുന്ന വിധത്തിൽ അക്രമം വർദ്ധിക്കുന്നതിന് കാരണമാകുമെന്നും വിദേശകാര്യമന്ത്രാലയം ചൂണ്ടിക്കാട്ടി.

**ന്യൂഡൽഹി**
**ഏപ്രിൽ 29, 2024**